## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5585** | **27-03-2018 ൽ മറുപടിയ്ക്ക്**

### നൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. കെ.ടി. ജലീൽ** (തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൂനപക്ഷ ക്ഷേമ വകുപ്പിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എൽ.സി/ പ്ലസ്ടു/വി.എച്ച്.എസ്.ഇ/ ബിരുദ/ ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഉന്നത വിജയം നേടുന്ന നൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡും,വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാർ നൂനപക്ഷ ക്ഷേമ വകുപ്പിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികൾ നിലവിലെ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഇല്ല |
| (സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര നൂനപക്ഷ മന്ത്രാലയത്തിൽ നിന്ന് സംസ്ഥാന ത്തിന് ആകെ എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കാമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര നൂനപക്ഷ മന്ത്രാലയത്തിൽ നിന്നും എം.എസ്.ഡി.പി പദ്ധതിക്ക് കേന്ദ്ര വിഹിതമായി 546.64 ലക്ഷം രൂപയാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. |
| (ഡി) ആയതിൽ എത്ര ചെലവഴിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എം.എസ്.ഡി.പി 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വയനാട്, മലപ്പുറം ജില്ലകൾക്കായി ആകെ 1822.1 ലക്ഷംരൂപ ( 60:40 അനുപാതത്തിൽ ) കേന്ദ്ര സംസ്ഥാന വിഹിതമായി കേന്ദ്ര നൂനപക്ഷ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ വയനാട് ജില്ലയ്ക്ക് കേന്ദ്രവിഹിതമായി ആകെ തുകയുടെ 50% തുകയായ 291.34 ലക്ഷം രൂപയും മലപ്പുറം ജില്ലയ്ക്ക് കേന്ദ്രവിഹിതമായി ആകെ തുകയുടെ 50% തുകയായ 255.30 ലക്ഷം രൂപയും ആദ്യഘട്ടമായി അനുവദിച്ചിട്ടുണ്ട്. ടി തുക പദ്ധതി നിർവ്വഹണത്തിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം 364.42 ലക്ഷം രൂപയും (വയനാട് 194.22 + മലപ്പുറം 170.20) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ